# 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2019 നവംബർ 8-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

1162/2019.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. സമിതിയുടെ ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. അനുബന്ധം : | | |
| I. വിയോജനക്കുറിപ്പ് | .. | 3 |
| II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 5 |

# സബ്ജക്ട് കമ്മിറ്റി XIV
## (ആഭ്യന്തരകാര്യങ്ങൾ)
## (2019-2021)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

<u>പ്രത്യേക ക്ഷണിതാവ്</u> :

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. വി. എസ്. അച്യുതാനന്ദൻ

ശ്രീ. ജെയിംസ് മാത്യു

ഡോ. എം. കെ. മുനീർ

ശ്രീ. സി. കെ. നാണു

ശ്രീ. ഉമ്മൻ ചാണ്ടി

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. രാജു എബ്രഹാം

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. രമേശ് ചെന്നിത്തല.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. രാജു കെ. എ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. എസ്. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

# 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കായി അയച്ച 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ (ബിൽ നമ്പർ 213), സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ, 2019 ഒക്ടോബർ 17-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2019 ഒക്ടോബർ 31-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കുകയും ചെയ്തു.

3. 2019 നവംബർ 7-ാം തീയതി സമിതി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

4. വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

പിണറായി വിജയൻ,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2019 നവംബർ 7.

## അനുബന്ധം I

# 2019-ലെ കേരള പോലീസ് (ഭേദഗതി) ബില്ലിനുള്ള വിയോജനക്കുറിപ്പ്

2011-ലെ കേരള പോലീസ് ആക്ടിലെ 101-ാം വകുപ്പിന്റെ 6-ാം ഉപവകുപ്പ് പ്രകാരം പ്രസ്തുത വകുപ്പിലെ 4-ാം ഉപവകുപ്പിന്റെ (എ) മുതൽ (ജെ) വരെയുള്ള ഇനങ്ങളിൽ പറയുന്ന ശിക്ഷകൾ ഒരു പോലീസ് ഉദ്യോഗസ്ഥന്റെ പ്രൊമോഷന് തടസ്സമാകുവാൻ പാടില്ലായെന്ന വ്യവസ്ഥ കാരണം മേജർ പെനാൽറ്റി ചുമത്തപ്പെടുന്ന ഉദ്യോഗസ്ഥരും സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട് പ്രൊമോഷൻ നേടുന്ന അവസ്ഥ ഒഴിവാക്കുവാനാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. എന്നാൽ പിഴ, ഡ്രില്ലും കായിക പരിശീലനവും ഉൾപ്പെടെയുള്ള അധികജോലി, സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം ശമ്പളത്തിൽ നിന്നും തിരിച്ചു പിടിക്കുക; ബന്ധപ്പെട്ട കക്ഷികൾക്കുണ്ടായ സാമ്പത്തിക നഷ്ടം ശമ്പളത്തിൽ നിന്നും തിരിച്ചു പിടിക്കുക, ജോലിയും പെരുമാറ്റവും മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകുക, നിശ്ചിത പ്രത്യേക ജോലി ചെയ്യുന്നതിൽ നിന്നും നിശ്ചിത പ്രത്യേക പദവി നൽകുന്നതിൽ നിന്നോ നിരോധിക്കുക, താക്കീത്, ശാസന തുടങ്ങിയ ലഘു ശിക്ഷാ നടപടിക്ക് വിധേയരാകുന്ന ഉദ്യോഗസ്ഥർ പോലും ഈ ഭേദഗതിമൂലം സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനും, അവരുടെ പ്രൊമോഷൻ തടയുന്നതിനും ഉള്ള അവസ്ഥ ഉണ്ടാകും. വ്യക്തി വൈരാഗ്യത്തിന്റെ പേരിൽ പോലും ലഘു ശിക്ഷ നൽകി പ്രൊമോഷൻ തടയുവാൻ ഇത് ഇടയാക്കും. ആയതിനാൽ (എ) മുതൽ (എച്ച്) വരെയുള്ള ശിക്ഷകൾ എങ്കിലും പ്രൊമോഷന് തടസ്സമാകാത്തവിധത്തിൽ ഒഴിവാക്കി ഭേദഗതി കൊണ്ടുവരാത്തതിനാൽ ഇതിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ഡോ. എം. കെ. മുനീർ (ഒപ്പ്)

അനുബന്ധം II

# 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

## 2011-ലെ കേരള പോലീസ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2011-ലെ കേരള പോലീസ് ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള പോലീസ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2019 ജനുവരി 8-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 101-ാം വകുപ്പിന്റെ ഭേദഗതി.—2011-ലെ കേരള പോലീസ് ആക്റ്റിലെ (2011-ലെ 8) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 101-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2019-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് (2019-ലെ 32) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2019 നവംബർ 7.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*